# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 167 07.12.2015-ൽ മറുപടിയ്ക്ക്

## സമാന്തര പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.സി.കെ സദാശിവൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.സാജു പോൾ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കേന്ദ്രങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നോ, രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസുകളിൽ നിന്നോ വെളിവായിട്ടില്ലാത്തതാണ്. |
| (ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നതായി പോലീസിന് എപ്പോഴാണ് വിവരം ലഭിച്ചത് ; ഇതേ തുടർന്ന് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുകൊണ്ട് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കൊച്ചിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്. |
| (സി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ; | (സി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ നടത്തി വരുന്നതായി പോലീസിനു പരാതികളോ, റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ലാത്തതിനാലാണ് ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്യാത്തത്. |
| (ഡി) സംസ്ഥാനത്തെ പോലീസ് സംവിധാനം എത്രത്തോളം കാര്യക്ഷമമാണ്; സമാന്തര പോലീസ് സ്റ്റേഷനുകളുടെ ആവിർഭാവത്തിനു കാരണം വ്യക്തമാക്കുമോ; | (ഡി) കുറ്റകൃത്യങ്ങൾ തടയുന്നതിനും, റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും, പൊതുജന സുരക്ഷയ്ക്കും, നാടിന്റെ സുരക്ഷയ്ക്കും ശരിയായ രീതിയിലുള്ള ക്രമസമാധാനപാലനം നടത്തുന്നതിനും, ജനങ്ങളുടെ സമാധാനം കാത്തു സൂക്ഷിക്കുന്നതിനും പര്യാപ്തമായ പോലീസ് സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. ജനങ്ങളുടെ ജീവനും, സ്വത്തും സംരക്ഷിക്കുവാൻ പോലീസ് സദാ ജാഗരൂകരാണ്. അതിനാൽ സമാന്തര പോലീസ് സ്റ്റേഷൻ ഉണ്ടാകേണ്ടതായ ഒരു സാഹചര്യവും സംസ്ഥാനത്ത് നിലവിലില്ല. |

| | | | |
|---|---|---|---|
| (ഇ) | കൊച്ചിയിലെ സെൻട്രൽ പോലീസ് സ്റ്റേഷനു മുന്നിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുവെന്ന് സർക്കാരിനു വേണ്ടി അഡ്വക്കേറ്റ് ജനറൽ കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നു എന്ന് ഒരു റിപ്പോർട്ട് പോലീസ് കോടതിയിൽ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ